"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

വിനോദസഞ്ചാര വകുപ്പ്- ജീവനക്കാര്യം - കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL) പ്രോജക്റ്റ് മാനേജർ തസ്തികയിൽ സേവനമനുഷ്ഠിച്ചു പോരുന്ന ശ്രീ. ശരത് വി രാജ് - ന് ശൂന്യവേതന അവധി ദീർഘിപ്പിച്ച് നൽകി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദ സഞ്ചാര(ബി)വകുപ്പ്

സ.ഉ.(സാധാ) നം.241/2026/TSM തീയതി,തിരുവനന്തപുരം, 07-05-2026

---

പരാമർശം:-

1. 23.11.2021 തീയതിയിലെ PLGEA-BPE1/12/2021/PLGEA നമ്പർ സർക്കുലർ
2. 27.07.2023 തീയതിയിലെ 136-ാം KTIL ഡയറക്ടർ ബോർഡ് യോഗ തീരുമാനം
3. 10.08.2023 തീയതിയിലെ കെ.റ്റി.ഐ.എൽ മാനേജിംഗ് ഡയറക്ടറുടെ KTIL/Admn/P-7/23 നം നടപടിക്രമം
4. ശ്രീ. ശരത് വി രാജ്, പ്രോജക്റ്റ് മാനേജർ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL), സമർപ്പിച്ച 19.02.2026 തീയതിയിലെ അപേക്ഷ
5. 24.02.2026 തീയതിയിലെ 147-ാം KTIL ഡയറക്ടർ ബോർഡ് യോഗ തീരുമാനം
6. 09.03.2026 തീയതിയിലെ KTIL മാനേജിംഗ് ഡയറക്ടറുടെ . KTIL/Admn/2025-26/ 2085-26 നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL) ൽ പ്രോജക്റ്റ് മാനേജറായി സേവനം

അനുഷ്ഠിക്കുന്ന ശ്രീ. ശരത് വി രാജ് - ന് പരാമർശം (3) പ്രകാരം 02.09.2023 മുതൽ 35 മാസത്തേക്ക് ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന്, ടിയാൻ 02.08.2026 മുതൽ 25 (ഇരുപത്തിയഞ്ച്) മാസം കൂടി ശൂന്യവേതന അവധി ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാമർശം (4) പ്രകാരമുള്ള അപേക്ഷ, പരാമർശം (5) പ്രകാരം പരിഗണിച്ച്, സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ തടസ്സമുണ്ടാകില്ലെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം , KTIL മാനേജിംഗ് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാർ സമക്ഷം സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL) ൽ പ്രോജക്റ്റ് മാനേജറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ. ശരത് വി രാജ് - ന് പരാമർശം (1) ലെ നിബന്ധനകൾക്കു വിധേയമായി, പരാമർശം (3) ന്റെ തുടർച്ചയായി, 02.08.2026 മുതൽ 25 മാസം കൂടി, മെച്ചപ്പെട്ട തൊഴിൽ സാധ്യതകൾ കൈവരിക്കുന്നതിനായുള്ള ആവശ്യത്തിനായി, പ്രസ്തുത കാലയളവ് , ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതന അവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതോടെ, ശ്രീ. ശരത് വി. രാജ്-ന് അനുവദിച്ചിട്ടുള്ള ശൂന്യവേതന അവധിയുടെ (LWA) ആകെ കാലയളവ് 02.09.2023 മുതൽ 5 (അഞ്ച്) വർഷമായി കണക്കാക്കപ്പെടുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡീഷണൽ സെക്രട്ടറി

1. ശ്രീ. ശരത് വി രാജ്, പ്രോജക്റ്റ് മാനേജർ, KTIL, തൈയ്ക്കാട് പി.ഒ, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, KTIL, തൈയ്ക്കാട് പി.ഒ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്) കേരള,തിരുവനന്തപുരം
4. ധനകാര്യ വകുപ്പ്(16.04.2026 തീയതിയിലെ 3471364/PU-C3/49/2026-FIN പ്രകാരം)
5. ആസൂത്രണ സാമ്പത്തികകാര്യ (BPE) വകുപ്പ് (PLGEA-BPE2/49/2026-PLEGEA പ്രകാരം)
6. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി(ടൂർ-ബി1/47/2026-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 07-05-2026 11:55:48

പകർപ്പ്:

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി എയ്ക്ക്

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എയ്ക്ക്